(6) വിദ്യാഭ്യാസ വായ്പ തിരികെ ഈടാക്കുവാനുള്ള ചുമതല

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വായ്പ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ വായ്പ ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കാതിരിക്കുന്നതിനെത്തുടർന്ന് ഇതിന്റെ അടവ് മുടങ്ങുകയാണ്. വിദ്യാഭ്യാസ വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള കുട്ടികളിൽനിന്ന് റിക്കവറി നടത്തുന്നതിനായി റിലയൻസ് കമ്പനിയെ ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവാണ് ഇപ്പോൾ വന്നിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എസ്.ബി.ഐ. അടക്കം വരുന്ന ബാങ്കുകൾക്കുവേണ്ടി ഇപ്പോൾ നോട്ടീസ് അയയ്ക്കുന്നത് റിലയൻസാണ്. ഇതിന്റെ ഭാഗമായി ജില്ലാ കളക്ടറെയോ ഗവൺമെന്റിനെയോ സമീപിച്ചാൽപോലും ഇതിന് തവണ ലഭിക്കാത്ത സാഹചര്യമുണ്ട്. ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള പേപ്പറുകൾ എത്തുന്നത് കാണുന്നതെന്നും അതുകൊണ്ടുതന്നെ എന്താണ് ചെയ്യേണ്ടതെന്ന് അറിയാത്ത സാഹചര്യമാണെന്നുമാണ് ജില്ലാ കളക്ടർമാർ പറയുന്നത്. 216739 കോടി രൂപയാണ് വൻകിട കോർപ്പറേറ്റ് കമ്പനികൾ പൊതുമേഖലാ ബാങ്കുകൾക്ക് കൊടുക്കാനുള്ളത്. എന്നാൽ അത് തിരിച്ചടയ്ക്കുന്നതിനെ സംബന്ധിച്ച് യാതൊരുവിധ ചർച്ചകളുമില്ല. ശ്രീ. വിജയ് മല്യയുടെ കമ്പനിക്ക് മാത്രം ഏതാണ്ട് 6,000 കോടി രൂപ പൊതുമേഖലാ ബാങ്കുകൾക്ക് അടയ്ക്കാനുണ്ട് എന്നിരിക്കെ ഈ റിലയൻസ് കമ്പനിയെ അസറ്റ് റീ കൺസ്ട്രക്ഷന്റെ ഭാഗമായി വിദ്യാഭ്യാസ വായ്പ തിരിച്ചു വാങ്ങുന്നതിനുവേണ്ടി ചുമതലപ്പെടുത്തിക്കൊണ്ടുള്ള നടപടിയിൽ ഗവൺമെന്റ് ഇടപെടണം. ഇവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനുള്ള സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. പട്ടിജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുപോലും 60 ശതമാനം മാർക്കില്ലെന്ന പേരിൽ വിദ്യാഭ്യാസ വായ്പ ലഭിക്കാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസമാണ് നമ്മുടെ സംസ്ഥാനത്തിന്റെ പരമപ്രധാനമായ വികസനത്തിന്റെ നാന്ദി എന്നുള്ളതുകൊണ്ട് പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതോടൊപ്പം തന്നെ ഈ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിന് ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

GPM. 2/244/2020-53

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് കേരളത്തിലെ എല്ലാ കുടുംബങ്ങളുടേയും ഏറ്റവും വലിയ പരിഗണന കുട്ടികളുടെ വിദ്യാഭ്യാസമാണ്. നമുക്കിന്ന് ധാരാളം സാധ്യതകൾ ഉപരിപഠനത്തിനുണ്ട്. പക്ഷേ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കഴിവനുസരിച്ച് അതിന് പോകാൻ സാധിക്കുന്നില്ല. ഞങ്ങളൊക്കെ പഠിക്കുന്ന സമയത്ത് എഞ്ചിനീയറിംഗിന് കേരളത്തിലുള്ള ആകെ സീറ്റുകൾ 2000-ൽ താഴെയായിരുന്നു. ഇന്ന് അൻപതിനായിരത്തിലധികം സീറ്റുകളുണ്ട്, സാധ്യത വളരെ കൂടുതലാണ്. എന്നാൽ എല്ലാ കുടുംബങ്ങൾക്കും അത് സാധിക്കുകയില്ല. അപ്പോൾ സ്വാഭാവികമായും ബാങ്ക് വായ്പയെ ആശ്രയിക്കുന്നു. ബാങ്ക് വായ്പ എടുത്ത് പഠിക്കുന്നവർ നല്ലൊരു ശതമാനം ആൾക്കാരും ജോലി കിട്ടിയാൽ തിരിച്ചടയ്ക്കും. ജോലി കിട്ടുന്നില്ലെങ്കിൽ മനഃപൂർവ്വം തിരിച്ചടക്കാതിരിക്കുന്നതല്ല, തിരിച്ചടക്കാൻ സാധിക്കുന്നില്ല. അങ്ങനെവരുന്ന സമയത്ത് അവരോട് ഉദാരമായ സമീപനം എടുക്കുന്നതിന് പകരം, തിരിച്ചടക്കുന്നതിന് ചില സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്ന ഏർപ്പാടിനോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ല. എസ്.ബി.ടി. റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായി കിട്ടാക്കടം തിരിച്ചടക്കുന്നതിന് വേണ്ടിയുണ്ടാക്കിയ കരാറിൽ ഗവൺമെന്റിന് യോജിപ്പില്ല. ഈ സഭ തന്നെ ഐകകണ്ഠ്യേന 2015 ജൂലൈ 29 -ാം തീയതി ഒരു പ്രമേയം പാസ്സാക്കി. അത് റിസർവ് ബാങ്കിനും, ഗവൺമെന്റ് ഓഫ് ഇന്ത്യക്കും അയച്ചുകൊടുത്തു, പക്ഷേ അവിടെ നിന്നും ലഭിച്ചിരിക്കുന്ന മറുപടി ഒട്ടും തൃപ്തികരമല്ല. പൊതുമേഖലാ ബാങ്കായ എസ്.ബി.ടി.-ക്ക് സ്വയം ഭരണാവകാശമുണ്ടെന്നും, കടിശ്ശിക പിരിച്ചെടുക്കൽ ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിൽപ്പെട്ട ഒന്നാണെന്നും കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിനോട് നമുക്ക് യോജിപ്പില്ല, ഒരു സാമൂഹിക പ്രതിബദ്ധതയോടുകൂടി ഈ കാര്യങ്ങൾ കാണണം. ബാങ്കിന്റെ തുക തിരിച്ചു പിടിക്കണ്ട എന്നൊന്നും നമ്മൾ പറയുന്നില്ല, അത് തിരിച്ചു പിടിക്കേണ്ടിവരും. അതിന് കുറേക്കൂടി പ്രായോഗികമായ ഒരു സമീപനം സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. നിശ്ചയമായും ഗവൺമെന്റ് കിട്ടുന്ന വേദികളിലൊക്കെ ഈ ആവശ്യം ഉന്നയിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിപ്പാണ്.

LIBRARY ARCHIVES Kerala Legislative Assembly